8.	പന്നിയാർ	100%
9.	നേരിയമംഗലം	71% (ഒരു മെഷീൻ റിപ്പയറിൽ)
10.	ലോവർ പെരിയാർ	97%
11.	ഇടുക്കി	90%
12.	ശബരിഗിരി	100%
13.	കല്ലട	93%

താപവൈദ്യുതി

കോഴിക്കോട് താപനിലയം	100%
ബ്രഹ്മപുരം താപനിലയം	94%
എൻ.ടി.പി.സി. കായംകുളം	94%

കെ.എസ്.ഇ.ബി. യിലെ ചീഫ് എഞ്ചിനീയർ തസ്തിക

89 (2667) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ ഇപ്പോൾ എത്ര ചീഫ് എഞ്ചിനീയർ മാരുണ്ട് ;

(ബി) ഇവർ ഓരോരുത്തരുടെയും ചുമതലകൾ എന്തെല്ലാമാണ് ;

(സി) 1991-ൽ എത്ര ചീഫ് എഞ്ചിനീയർമാരുണ്ടായിരുന്നു ;

(ഡി) ഇനിയും ചീഫ് എഞ്ചിനീയർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി. യിൽ ആഫീസർ വിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 18.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 16

(ഡി) ഇത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പുനഃസംഘടനയുടെ ഭാഗമായി വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ ആവശ്യമായ തസ്തികകൾ സംബന്ധിച്ച വ്യക്തത വരുകയുള്ളൂ.

(ഇ) വിശദാംശങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly